## പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:4157** — **24.10.2016-ൽ മറുപടിക്ക്**

## ഉദുമ ചന്ദ്രന്റെ ദുരൂഹ മരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ 2016 മാർച്ച് 5-ന് ഉദുമ മേൽ ബാര കോളനിയിലെ ചന്ദ്രൻ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ട വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;<br>(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) & (ബി) | ഉണ്ട്. ഇതു സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 129/16 u/s. 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ 05.03.2016ന് രാത്രിയിൽ മദ്യലഹരിയിലായിരുന്ന ചന്ദ്രനും സുഹൃത്തായ ബാലചന്ദ്രനും തമ്മിൽ വാക്കേറ്റമുണ്ടാവുകയും അന്യോന്യം ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തതായും തുടർന്ന് സുഹൃത്തുക്കൾ ചന്ദ്രനെ വീട്ടിൽ കൊണ്ടുപോയി കിടത്തുകയും 06.03.2016ന് ചന്ദ്രൻ വീട്ടിൽ മരണപ്പെട്ടതായി കണ്ടെത്തുകയുമുണ്ടായി. ചന്ദ്രന്റെ മൃതദേഹം പോസ്റ്റ്മാർട്ടം നടത്തിയ പരിയാരം മെഡിക്കൽ കോളേജിലെ പോലീസ് സർജ്ജന്റെ മൊഴിയിലും മരണപ്പെട്ട ചന്ദ്രന്റെ പോസ്റ്റ്മാർട്ടം റിപ്പോർട്ടിലും ഹൃദയസ്തംഭനമാണ് മരണകാരണമെന്നും മരണപ്പെട്ട ചന്ദ്രന് ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ ഉണ്ടായിരുന്നതായും മാനസികമായോ ശാരീരികമായോ സമ്മർദ്ദം ഉണ്ടായാൽ ഇത്തരം ഹൃദ്രോഗം ഉള്ളവർക്ക് അറ്റാക്ക് ഉണ്ടാകാൻ സാധ്യതയുള്ളതായി വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ്സിൽ സെക്ഷൻ 323, 304 ഐ.പി.സി. ചേർത്ത് ബാലചന്ദ്രൻ, S/o. ബാബു എന്നയാളെ പ്രതിയായി ഉൾപ്പെടുത്തി ടിയാനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. നിലവിൽ ഈ കേസ് ബേക്കൽ പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു. |
| (സി) മരണം സംബന്ധിച്ച് ബന്ധുക്കളും നാട്ടുകാരും സംശയം പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിന് വിടുന്ന വിഷയം പരിഗണിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (സി) | കേസിന്റെ അന്വേഷണത്തിൽ കുറ്റകൃത്യം നടന്നതായി തെളിവിൽ വരികയും പ്രതിയെ കണ്ടെത്തി അറസ്റ്റ് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ടി കേസ് ക്രൈംബ്രാഞ്ചിന് കൈമാറുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ